# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4576

13.11.2019-ലെ മറുപടി

### പിറവം മണ്ഡലത്തിലെ ജലവിതരണ പൈപ്പുകൾ മാറ്റുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം ചെന്നതും ഉപയോഗ ശൂന്യമായതും നിരന്തരം തകരുന്നതുമായ ജലവിതരണ പൈപ്പുകൾ എത്ര കിലോമീറ്റർ ദൂരത്തിലുണ്ട് എന്ന വിവരം സെക്ഷൻ അടിസ്ഥാനത്തിൽ അറിയിക്കുമോ; | (എ) | പിറവം നിയോജകമണ്ഡലത്തിൽ കാലപ്പഴക്കം ചെന്നതും ഉപയോഗശൂന്യമായതും നിരന്തരം പൊട്ടുന്നതുമായ ജലവിതരണ പൈപ്പുകളുടെ നീളം സെക്ഷൻ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു |

| സെക്ഷൻ | എ സി പൈപ്പുകൾ (കിലോമീറ്റർ) | ജി ഐ പൈപ്പുകൾ (കിലോമീറ്റർ) |
|---|---|---|
| പിറവം | 33.50 | 15.30 |
| മുളംതുരുത്തി | 21.10 | 8.40 |
| ഇലഞ്ഞി | 9.65 | 12.30 |
| ആകെ | 64.25 | 36 |

പൈപ്പുകൾ മാറ്റുന്ന പ്രവൃത്തികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | ഇപ്രകാരമുള്ള പൈപ്പുകൾ മുൻഗണന ക്രമത്തിൽ മാറ്റുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ | (ബി) | ഉണ്ട് ; കാലപ്പഴക്കം ചെന്ന കേടായ എ.സി പൈപ്പുകൾ മാറ്റുന്നതിനാണു മുൻഗണന നൽകിയിട്ടുള്ളത് . പിറവം മണ്ഡലം ഉൾപ്പടെ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | കേരളമൊട്ടാകെ 6652.54 ലക്ഷം രൂപയ്ക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള ഭരണാനുമതി 2019-20 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട് . തുടർ നടപടികൾ പുരോഗമിച്ചു വരുന്നു . കൂടാതെ കിഫ്ബി അമൃത് പദ്ധതിയിൽ പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റുന്ന പണികൾ നടന്നു വരുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | നിലവിലെ സ്ഥിതി | സെക്ഷൻ ഓഫീസ് |
|---|---|---|---|---|
| 1 | പാഴൂർ മുതൽ പുതുക്കുളം നിരപ്പ് പമ്പിങ് മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി 3.2 കി.മി | 227.63 | പൈപ്പുകൾ വിതരണം ചെയ്തു സ്ഥാപിച്ചു തുടങ്ങി | മുളന്തുരുത്തി |
| 2 | കലാഞ്ഞിമാറ്റോം മുതൽ കുറുമല വരെ പമ്പിങ് മെയിൻ 2.850 കിലോമീറ്റർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി | 140.00 | അടങ്കൽ പരിശോധിച്ചു വരുന്നു | ഇലഞ്ഞി |
| 3 | കളങ്ങരപ്പടി പമ്പിങ് മെയിൻ 900 meter മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി (DRW) | 9.00 | പൈപ്പുകൾ വിതരണം ചെയ്തു | ഇലഞ്ഞി |
| 4 | പിറവം മുൻസിപ്പാലിറ്റിയിൽ കക്കാട് മുതൽ ഹോസ്പിറ്റൽ ജങ്ഷൻ വരെ 3350 മീറ്റർ നീളത്തിൽ പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി (KIIFB) | 275.91 | സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു | പിറവം |
| 5 | പിറവം മുൻസിപ്പാലിറ്റിയിൽ കക്കാട് മുതൽ പാഴൂർ വരെ 2650 മീറ്റർ നീളത്തിൽ പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി (KIIFB) | 182.07 | ഭരണാനുമതി നൽകിയിട്ടുണ്ട് | പിറവം |
| 6 | പാമ്പാക്കുട പഞ്ചായത്തിൽ 900 മീറ്റർ പൈപ്പുകളും തിരുമാറാടി പഞ്ചായത്തിൽ 400 മീറ്റർ പൈപ്പും മാറ്റുന്ന പ്രവൃത്തി | 111.20 | ഭരണാനുമതി നൽകിയിട്ടുണ്ട് | പിറവം, ഇലഞ്ഞി |

സെക്ഷൻ ഓഫീസർ